ഭരണഭാഷ മാതൃഭാഷ

Spl. Messenger

നിയമസഭ അടിയന്തിരം

**കേരള സർക്കാർ**
**ധനകാര്യ (പി.എസ്.എ) വകുപ്പ്**
**പരിപത്രം**

പരിപത്രം നം. 104/2013/ധന. തീയതി, തിരുവനന്തപുരം, 21.12.2013

വിഷയം:- 13-ാം കേരള നിയമസഭ-10-ാം സമ്മേളനം (03.01.2014 മുതൽ 12.02.2014 വരെ) - ബഹു: മുഖ്യമന്ത്രി/ധനകാര്യ മന്ത്രി ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള ദിവസങ്ങൾ - സംബന്ധിച്ച്

സൂചന:- നിയമസഭാ സെക്രട്ടറിയുടെ 17.12.2013-ലെ ബുള്ളറ്റിൻ നമ്പർ 459 ഭാഗം II

കേരള നിയമസഭയുടെ പത്താം സമ്മേളനം 03.01.2014 മുതൽ 12.02.2014 വരെ കൂടുവാൻ തീരുമാനിച്ചിരിക്കുന്നു. ഈ സമ്മേളന കാലത്ത് ബഹു: മുഖ്യമന്ത്രി/ധനകാര്യ മന്ത്രി നിയമസഭാ ചോദ്യങ്ങൾക്ക് ഉത്തരം നൽകേണ്ടതിന് നിശ്ചയിച്ചിരിക്കുന്നത് താഴെ പറയുന്ന ദിവസങ്ങളാണ്:-

| മന്ത്രി | നിശ്ചയിച്ചിട്ടുള്ള ദിവസങ്ങൾ |
|---|---|
| **മുഖ്യമന്ത്രി** | **2014 ജനുവരി 6, 22, 29 & ഫെബ്രുവരി 5, 12** |
| **ധനകാര്യ മന്ത്രി** | **2014 ജനുവരി 7, 23, 30 & ഫെബ്രുവരി 6** |

ഇതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിലെ എല്ലാ സെക്ഷനുകളുടെയും അറിവിലേയ്ക്കും വീഴ്ചയില്ലാതെ പാലിക്കുന്നതിനുമായി താഴെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:-

ധനകാര്യ വകുപ്പിലെ ഓരോ സെക്ഷനുകളും അവരുമായ ബന്ധപ്പെട്ട നിയമസഭാ ചോദ്യത്തിന്റെ കരട് മറുപടി നിശ്ചയിച്ചിട്ടുള്ള ദിവസത്തിന് മൂന്ന് പ്രവൃത്തി ദിവസങ്ങൾക്ക് മുമ്പായി ബഹു: മുഖ്യമന്ത്രി/ധനകാര്യ മന്ത്രിക്ക് അംഗീകാരത്തിനായി സമർപ്പിക്കേണ്ടതും ഉത്തരത്തിന്റെ അസ്സൽ പകർപ്പ് സെക്ഷൻ ഓഫീസർ നീല മഷിയിൽ ഒപ്പിട്ടത് (നക്ഷത്ര ചിഹ്നമിട്ട ചോദ്യത്തിന്റെ 21 പകർപ്പുകളും/നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന്റെ 16 പകർപ്പുകളും) ചോദ്യ ദിവസത്തിന്റെ തലേ ദിവസം ഒരു മണിക്ക് മുമ്പായി ധനകാര്യ (പി.എസ്.എ) വകുപ്പിന് സമർപ്പിക്കേണ്ടതുമാണ്.

ശ്രദ്ധക്ഷണിക്കൽ, ഉപക്ഷേപം, ബില്ലുകൾ എന്നീ വിഷയങ്ങളിൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതും, ബന്ധപ്പെട്ട ഫയൽ ബഹു: മുഖ്യമന്ത്രി /ധനകാര്യ മന്ത്രിക്ക് അവശ്യമായ വിവരങ്ങൾ സഹിതം യഥാസമയം സമർപ്പിക്കേണ്ടതുമാണ്.

ഈ സമ്മേളനകാലത്തെ സഭാനടപടികളുടെ കലണ്ടർ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

**എ.എം. ജാഫർ,**
ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)

ധനകാര്യ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും
സെക്ഷനുകൾക്കും വിംഗുകൾക്കും
നോഡൽ ഓഫീസർ, www.finance.kerala.gov.in

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

### കലണ്ടർ

| | |
|---|---|
| 03.01.2014 (വെള്ളി) | രാവിലെ 9.00 മണിക്ക് ഗവർണ്ണറുടെ പ്രസംഗം |
| 06.01.2014 (തിങ്കൾ)<br>07.01.2014 (ചൊവ്വ)<br>08.01.2014 (ബുധൻ) | ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച |
| 09.01.2014 (വ്യാഴം) മുതൽ<br>16.01.2014 (വ്യാഴം) വരെ | സഭ ചേരുന്നതല്ല |
| 17.01.2014 (വെള്ളി) | രാവിലെ 9.00 മണിക്ക് 2013-14 വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റും, 1990-91, 1992-93, 1995-96, 1996-97, 1997-98, 1998-99, 2000-01, 2001-02, 2003-04, 2006-07, 2008-09, 2009-10 സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റുകളും മേശപ്പുറത്തുവയ്ക്കലും 2014-15 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിന്റെയും വോട്ട് ഓൺ അക്കൗണ്ടിന്റെയും സമർപ്പണവും |
| 20.01.2014 (തിങ്കൾ)<br>21.01.2014 (ചൊവ്വ)<br>22.01.2014 (ബുധൻ) | 2014-15 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിനെകുറിച്ചുള്ള പൊതുചർച്ച. |
| 23.01.2014 (വ്യാഴം) | 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെയും 1990-91, 1992-93, 1995-96, 1996-97, 1997-98, 1998-99, 2000-01, 2001-02, 2003-04, 2006-07, 2008-09, 2009-10 സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളെയും സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും |
| 24.01.2014 (വെള്ളി) | ഗവൺമെന്റ് കാര്യവും അനൗദ്യോഗികാംഗങ്ങളുടെ കാര്യവും |
| 27.01.2014 (തിങ്കൾ) | ഗവൺമെന്റ് കാര്യം |
| 28.01.2014 (ചൊവ്വ) | വോട്ട് ഓൺ അക്കൗണ്ട് - ചർച്ചയും വോട്ടെടുപ്പും |
| 29.01.2014 (ബുധൻ) | ഗവൺമെന്റ് കാര്യം. ഉച്ചയ്ക്ക് ശേഷം 12.30 മുതൽ 01.30 വരെ 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെയും 1990-91, 1992-93, 1995-96, 1996-97, 1997-98, 1998-99, 2000-01, 2001-02, 2003-04, 2006-07, 2008-09, 2009-10 സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളെയും സംബന്ധിക്കുന്ന ധനവിനിയോഗ ബില്ലുകൾ |
| 30.01.2014 (വ്യാഴം) | ഗവൺമെന്റ് കാര്യം. ഉച്ചയ്ക്കുശേഷം 12.30 മുതൽ 01.30 വരെ 2014-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ. |
| 31.01.2014 (വെള്ളി) | ഗവൺമെന്റ് കാര്യവും അനൗദ്യോഗികാംഗങ്ങളുടെ കാര്യവും |
| 03.02.2014 (തിങ്കൾ)<br>04.02.2014 (ചൊവ്വ)<br>05.02.2014 (ബുധൻ)<br>06.02.2014 (വ്യാഴം) | ഗവൺമെന്റ് കാര്യം |
| 07.02.2014 (വെള്ളി) | ഗവൺമെന്റ് കാര്യവും അനൗദ്യോഗികാംഗങ്ങളുടെ കാര്യവും |
| 10.02.2014 (തിങ്കൾ)<br>11.02.2014 (ചൊവ്വ)<br>12.02.2014 (ബുധൻ) | ഗവൺമെന്റ് കാര്യം |